**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** | **12-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.വി.സുമേഷ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തി-പ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന-ങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടു കൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന -വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തി ക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് ഓരോ പൊതുമേഖലാ സ്ഥാപനത്തിലേയും മാനേജിംഗ് ഡയറക്ടർമാർ തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനിയിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ |

| | | | |
|---|---|---|---|
| | | | അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തി-പ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന-തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തന-ങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി അവരുടെ യോഗ്യത പുനർനിശ്ചയിച്ച് അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലെക്ഷൻ ബോർഡ് മുഖേന നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വികസിപ്പി-ക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്ന-തിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതു പോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടി-സ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ച് വരുന്നു. കൂടാതെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ | (ബി) | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വാർഷിക ഉത്പാദന ശേഷി 15000 മെട്രിക് ടൺ ആണെങ്കിലും മാലിന്യ സംസ്കരണ പദ്ധതികൾ |

| | | | |
|---|---|---|---|
| | ഉല്പാദനക്ഷമത, മാലിന്യ സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകാത്തത് കൊണ്ട് ഉൽപ്പാദന ശേഷി കൈവരിക്കുവാൻ സാധിക്കുന്നില്ല എന്നതാണ് നിലവിൽ കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. കമ്പനിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ യന്ത്ര സാമഗ്രികളുടെ നവീകരണം, പുതിയ സാങ്കേതിക വിദ്യ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ആവശ്യമായ മാലിന്യ സംസ്കരണ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി അടുത്ത അഞ്ച് വർഷം കൊണ്ട് പ്രതിവർഷം ഉൽപ്പാദനം 20,000 ടൺ ആയി ഉയർത്തുന്നതിനും വിറ്റുവരവ് 350 കോടിയായി വർദ്ധിപ്പിക്കുന്നതിനായി ഏകദേശം 400 കോടി രൂപയുടെ പദ്ധതികൾ ഉൾകൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ കമ്പനി തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായുള്ള ന്യൂട്രലൈസേഷൻ പ്ലാൻറ് നിലവിൽ പ്രവർത്തിച്ചുവരുന്നു. കൊപ്പറാസ് റിക്കവറി പ്ലാൻറ് 2021 നവംബർ മാസത്തോടുകൂടി പ്രവർത്തനക്ഷമമാകുന്നത്തോടു കൂടി മാലിന്യ സംസ്കരണം കൂടുതൽ മെച്ചപ്പെട്ട നിലയിൽ എത്തിച്ചേരും. ഖരമാലിന്യത്തിൽ നിന്നുള്ള ഇൻറ്റർലോക് ഇഷ്ടികകൾ, ഗൃഹനിർമ്മാണത്തിനുള്ള ഇഷ്ടികകൾ, തുടങ്ങിയവ നിലവിൽ ഉൽപ്പാദിപ്പിച്ചു വരുന്നു. തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി ഖരമാലിന്യത്തിൽ നിന്ന് ടെട്രാപോഡുകളും പരീക്ഷണാർത്ഥം നിർമ്മിച്ചു സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. |
| (സി) | കമ്പനിയിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിനെ മാലിന്യ മുക്തമായ കമ്പനി ആക്കുന്നതിന്റെ ഭാഗമായി മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ബൃഹത് പദ്ധതി കമ്പനി ആസൂത്രണം ചെയ്തിട്ടുണ്ട്. 235 കോടി ചിലവ് പ്രതീക്ഷിക്കുന്ന മൂന്ന് പദ്ധതികൾ സർക്കാരിന്റെയും ധനകാര്യ സ്ഥാപനങ്ങളുടേയും സാമ്പത്തിക സഹായത്തോടു കൂടി നടപ്പിലാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. മാലിന്യങ്ങളിൽ നിന്ന് അയൺ ഓക്സൈഡുകൾ, സോഡിയം സൾഫേറ്റ്, പ്ലാസ്റ്റർ ഓഫ് പാരീസ് തുടങ്ങിയവയും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമാണ് ടി പദ്ധതികളിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ